**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.308 28.01.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

## അർബുദ രോഗികൾക്കുള്ള പെൻഷൻ

| ചോദ്യം<br><br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അർബുദ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര രൂപയാണ് പ്രതിമാസ പെൻഷൻ നൽകിവരുന്നത്; വ്യക്തമാക്കാമോ? | (എ) | അർബുദ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:<br>1) അഗതികളായ ക്യാൻസർ രോഗി ധനസഹായത്തിന് അപേക്ഷിക്കുന്ന തീയ്യതിക്ക് തൊട്ടു മുൻപ് രണ്ടുകൊല്ലം തുടർച്ചയായി കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.<br>2) വാർഷിക വരുമാന പരിധി ഒരുലക്ഷം രൂപ.<br>3) സൗജന്യ ഭക്ഷണം / താമസ സൗകര്യം / ചികിത്സ ലഭിക്കുന്ന സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിലോ മറ്റ് അംഗീകൃത സ്ഥാപനങ്ങളിലോ പ്രവേശിപ്പിക്കപ്പെട്ട് ചികിത്സയിൽ കഴിയുന്ന ആൾ ആയിരിക്കരുത്.<br>പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം. |
| (ബി) | മറ്റ് സാമൂഹ്യസുരക്ഷ പെൻഷൻ ലഭിക്കുന്നവർക്ക് പ്രസ്തുത പെൻഷൻ ലഭിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മറ്റ് സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിക്കുന്നവർക്കും മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ക്യാൻസർ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ